റൈഡിംഗ് കേരള പദ്ധതി

157 (2146) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൈഡിംഗ് കേരള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ വിഭവശേഷി വികസനം പരമാവധി പ്രയോജനപ്പെടുത്തി സംരംഭകത്വം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സർക്കാർ റൈഡിംഗ് കേരള എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ ചെറുകിട വ്യവസായികളുടെ പ്രത്യേകിച്ചും മലബാർ മേഖലയിലെ പൊതുവായുള്ള വളർച്ച ലക്ഷ്യം വെച്ച് ജില്ലയിലെ ചെറുകിട വ്യവസായികളുടെ സംഘടനയായ കെ.എസ്.എസ്.ഐ.എ. ജില്ലാ കമ്മിറ്റിയും ഫുട്ട് വെയർ ഡിസൈൻ ആന്റ് ഡെവലപ്മെന്റ് സെന്റർ, കോഴിക്കോട്, കോമൺ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫുട്ട് വെയർ ഇൻഡസ്ട്രി എന്നിവയും സംയുക്തമായി 2014 നവംബർ 25, 26 തീയതികളിൽ കോഴിക്കോട് സംഘടിപ്പിച്ച അന്താരാഷ്ട്ര വ്യവസായ പ്രദർശന മേളയും അതിനോടനുബന്ധിച്ച് നടത്തിയ മറ്റു പരിപാടികളും അടങ്ങുന്നതാണ് റൈഡിംഗ് കേരള 2014.

(ബി&സി) വ്യവസായ മേഖലയിലെ പുതിയ പ്രവർത്തനങ്ങളും അവസരങ്ങളും സംരംഭകർക്ക് ബോദ്ധ്യപ്പെടുത്തുക, സാങ്കേതിക വിദഗ്ദ്ധരുമായും മെഷിനറി അസംസ്കൃത പദാർത്ഥങ്ങൾ എന്നിവയുടെ നിർമ്മാതക്കളുമായും വിതരണക്കാരുമായും സംരംഭകരെ ബന്ധപ്പെടുത്തുക മുതലായ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലാ വ്യവസായ കേന്ദ്രം കോഴിക്കോട് ഈ മേളയുമായി സഹകരിക്കുകയുണ്ടായി. ഈ മേളയുമായി ചേർന്ന് ജില്ലാ വ്യവസായ കേന്ദ്രം 5 ലക്ഷം രൂപ ചെലവഴിച്ച് മെഷിനറി പ്രദർശന മേള നടത്തുകയുണ്ടായി. ഈ മേളയിൽ പങ്കെടുക്കുന്നതിന് വ്യവസായ വകുപ്പിനും കെ. ബിപ്പിനും വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിരുന്നു.

കോമളപുരം സഹകരണ സ്പിന്നിങ്ങ് മില്ലിന്റെ അവസ്ഥ

158(2147) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോമളപുരം സഹകരണ സ്പിന്നിങ്ങ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സ്പിന്നിങ്ങ് മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ കോമളപുരത്ത് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പണി പൂർത്തിയാക്കി ട്രയൽ റൺ ചെയ്ത പദ്ധതിയാണ് കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്. താഴെ പറയുന്ന കാരണങ്ങൾമൂലം മില്ലിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

1. യന്ത്രങ്ങൾ

പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികളിൽ ആറ് കോൺവൈന്റിംഗ് മെഷീനുകളും ഒരു സിംപ്ലക്സ് മെഷീനും, വാർപ്പ്ടൈയിംഗ് മെഷീനും ഫാബ്രിക് ഫോൾഡിംഗ് ആന്റ് പ്ലേറ്റിംഗ് മെഷീനും സ്ഥാപിക്കേണ്ടതുണ്ട്.

2. വൈദ്യുതി കണക്ഷൻ

പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly